## കേരള സർക്കാർ

## സംഗ്രഹം

പെൻഷൻ - NCC വകുപ്പിൽ നിന്ന് വിരമിച്ച പരേതനായ ബാലൻ.പി യുടെ ഭാര്യ ശ്രീമതി.കെ.എ.വത്സലയ്ക്ക് എക്സ്ഗ്രേഷ്യോ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (പെൻഷൻ - എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3407/2021/ധന.** **തിരുവനന്തപുരം, തീയതി,09/04/2021.**

==========================================================================

പരാമർശം :- (1) 17.02.2021 തീയതിയിലെ 0765/B3/Est/2004/NCC നമ്പരായുള്ള NCC അഡീഷണൽ ഡയറക്ടർ ജനറലിന്റെ കത്ത്.

(2) 20.01.2016 ലെ സ.ഉ.(പി) നം. 9/2016/ധന. നമ്പർ ഉത്തരവ്.

(3) 12.02.2021 ലെ സ.ഉ.(പി) നം. 30/2021/ധന. നമ്പർ ഉത്തരവ്.

(4) ഫാറം നമ്പർ 6 ലുള്ള ശ്രീമതി.കെ.എ.വത്സലയുടെ അപേക്ഷ.

(5) പി.പി.ഒ നമ്പർ 66448417

## ഉത്തരവ്

NCC വകുപ്പിൽ നിന്നും 31.05.2004 – ൽ വിരമിച്ച ബാലൻ.പി എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 18.09.2019 ൽ മരണപ്പെട്ടതിനെത്തുടർന്ന് എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട കൊണ്ട് ടിയാളുടെ ഭാര്യയായ ശ്രീമതി. കെ.എ. വത്സല പരാമർശം (1) പ്രകാരം NCC ഡയറക്ടേറ്റ് (കെ & എൽ) വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ മുഖാന്തിരം ആവശ്യമായ രേഖകൾ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 10 ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും 18.09.2019 ൽ മരണപ്പെട്ട ബാലൻ.പി യുടെ സർവ്വീസ് കാലയളവ് 5 വർഷം ആകയാലും പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം പരേതന്റെ ഭാര്യയായ ശ്രീമതി.കെ.എ.വത്സലയ്ക്ക് 01.10.2019 മുതൽ 1800/- രൂപ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 1800/- രൂപയ്ക്ക് അർഹമായ ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3. പ്രസ്തുത പെൻഷൻ നൽകുന്നതിനു ആവശ്യമായ അധികാരദാനം അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ്"2071-01-105-97-എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അബ്ദുൾ ജലീൽ.എം**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ.ആൻറ് ഇ),കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) കേരള, തിരുവനന്തപുരം.
3. സബ് ട്രഷറി ഓഫീസർ,സബ് ട്രഷറി, വടകര

4. ശ്രീമതി. കെ.എ.വത്സല, പനകുളത്തിൽ ഹൗസ്, രായരംഗോട്ട്, കോഴിക്കോട് പിൻ - 673102

5. നോഡൽ ഓഫീസർ,www.finance.kerala.gov.in

6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(ഇ.1666789)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ